Lalith Babu

# വിവരാവകാശ നിയമത്തിലെ മൂന്നാം കക്ഷി വിവരങ്ങൾ വെളിപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

## മൂന്നാം കക്ഷി (third party)

അപേക്ഷ നൽകുന്ന പൗരന് മറ്റൊരു വ്യക്തിയെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടാൽ അത് മൂന്നാം കക്ഷിയെന്ന് പറയാം, ഒരു പൊതു അധികാരി മറ്റൊരു പൊതു അധികാരിയെ സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞാലും നിയമപ്രകാരം മൂന്നാം കക്ഷി എന്ന നിർവചനത്തിൽ വരും.

കൊമേഴ്സ്യൽ സീക്രട്ട്, ട്രേഡ് സീക്രട്ട്, ഇന്റലക്ചൽ പ്രോപ്പർട്ടി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നത് മൂന്നാം കക്ഷിയുടെ ഈ വിഷയവുമായി ബന്ധപ്പെട്ട മുന്നേറ്റങ്ങൾക്ക് ഹാനികരമാകുമെന്ന് കണ്ടാൽ അവ നൽകേണ്ടതില്ല. എന്നാൽ പൊതു താൽപര്യം ഇത്തരം വിവരങ്ങൾ നൽകുന്നത് ആവശ്യപ്പെടുന്നുവെന്ന് യുക്തമായ അധികാരിക്ക് ബോദ്ധ്യമാവുകയാണെങ്കിൽ നൽകേണ്ടതാണ്.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിവരങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അപേക്ഷ ലഭിച്ച് 5 ദിവസങ്ങൾക്കുള്ളിൽ മൂന്നാം കക്ഷിക്ക് നോട്ടീസ് നൽകിയിരിക്കണം. വിവരം നൽകുന്നതിന് അനുകൂലമായോ പ്രതികൂലമായോ 10 ദിവസങ്ങൾക്കുള്ളിൽ മൂന്നാം കക്ഷി വാക്കാലോ എഴുതിയോ മറുപടി നൽകിയിരിക്കണം. അപേക്ഷ ലഭിച്ച് 40 ദിവസങ്ങൾക്കുള്ളിൽ മൂന്നാം കക്ഷി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ സ്വതന്ത്രമായ തീരുമാനമെടുക്കണം. ഈ തീരുമാനം മൂന്നാം കക്ഷിയെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അറിയിക്കണം. ചട്ടം 19 പ്രകാരം അപ്പീലിന് വ്യവസ്ഥയുണ്ട് എന്നും അറിയിക്കണം. ഇതിനെതിരെ നോട്ടീസ് കൈപ്പറ്റി 30 ദിവസങ്ങൾക്കുള്ളിൽ അപ്പീൽ സമർപ്പിക്കണം. രണ്ടാം അപ്പീൽ സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷനും സമർപ്പിക്കണം. ഈ അപ്പീലുകളിൽ തീർപ്പുകൽപ്പിക്കുന്നതുവരെ വിവരങ്ങൾ നൽകേണ്ടതില്ല.